**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ഇടുക്കി ജില്ല – ചക്കുപള്ളം ഗ്രാമപഞ്ചായത്ത് - WP (C)10813/2011 കേസ് നടത്തുന്നതിന് വക്കീൽ ഫീസ് ഇനത്തിൽ നൽകേണ്ട തുക ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയം ഭരണ (എഫ്.എം.) വകുപ്പ്**

സ.ഉ.(സാധാ) നം. 2838/2018/തസ്വഭവ　　　　　തിരുവനന്തപുരം, തീയതി, 03/11/2018

---

പരാമർശം:- 1. ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 14/11/2017 ലെ എ 8-393/2008 നമ്പർ കത്ത്.
2. പഞ്ചായത്ത് ഡയറക്ടറുടെ 14/08/2018 ലെ ജി1-651/18 നമ്പർ കത്ത്.

**ഉത്തരവ്**

ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് എതിരായി ബഹു. കേരള ഹൈക്കോടതിയിൽ നൽകിയിരുന്ന WP (C)10813/2011 കേസ് നടത്തുന്നതിന് പഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്ന ജോയി & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് വക്കീൽ ഫീസ് ഇനത്തിൽ നൽകേണ്ട 50,000/- രൂപയിൽ അഡ്വാൻസായി നൽകിയ 15,000/- രൂപ കിഴിച്ച് ശേഷിക്കുന്ന 35,000/- രൂപ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് അനുമതി നൽകണമെന്ന് ചക്കുപള്ളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി പരാമർശം (1) കത്ത് പ്രകാരം ആവശ്യപ്പെട്ടിരുന്നു. പരാമർശം (2) കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യം ശുപാർശ ചെയ്തിട്ടുമുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ചക്കുപള്ളം ഗ്രാമ പഞ്ചായത്ത് കേരള വാട്ടർ അതോറിറ്റിക്ക് എതിരായി ബഹു. കേരള ഹൈക്കോടതിയിൽ നൽകിയിരുന്ന WP (C)10813/2011 കേസ് നടത്തുന്നതിന് പഞ്ചായത്ത് ചുമതലപ്പെടുത്തിയിരുന്ന ജോയി & അസോസിയേറ്റ്സ് എന്ന സ്ഥാപനത്തിന് വക്കീൽ ഫീസ് ഇനത്തിൽ നൽകേണ്ട 35,000/- രൂപ (മുപ്പത്തി അയ്യായിരം രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്ന് നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
ബീനമോൾ കെ.ജെ
**ഡെപ്യൂട്ടി സെക്രട്ടറി.**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി
പ്രസിഡന്റ്/സെക്രട്ടറി, ചക്കുപള്ളം ഗ്രാമപഞ്ചായത്ത്, അണക്കര പി.ഒ, പിൻ - 685512
ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

13/11/18